# വാഹനക്കള്ളക്കച്ചവടം സർക്കാരിന് കോടികൾ നഷ്ടമാവുന്നു

തിരുവല്ല: കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ മോട്ടോർ വാഹനനിയമം കാറ്റിൽ പറത്തി പല സ്ഥലങ്ങളിലും 'റെന്റ് എ കാർ' (വാഹനം വാടകയ്ക്ക്) എന്നപേരിൽ അനധികൃത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കോട്ടയം, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽ ഇതു വളരെ കാര്യമായി പ്രവർത്തിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന വാഹനങ്ങൾ കേരളത്തിൽ കൊണ്ടുവന്നാൽ, 15 മാസത്തിൽ താഴെ പഴക്കമുള്ളതാണെങ്കിൽ സെയിൽടാക്സ് വകുപ്പിന് 'എൻട്രി ടാക്സ്' അടയ്ക്കണം. എന്നാൽ ഇത്തരം വാഹനങ്ങൾ ധാരാളമായി കൊണ്ടുവന്ന് ഉപയോഗിക്കുകയും കച്ചവടം നടത്തുകയും ചെയ്യുന്ന സംഘങ്ങൾ ധാരാളമുണ്ട്. പ്രവേശന നികുതി ഇനത്തിൽ കേരള സർക്കാരിനു കിട്ടേണ്ട കോടികളാണ് നഷ്ടപ്പെടുന്നത്. കൂടാതെ നിരത്തു നികുതി (റോഡ് ടാക്സ്) ഇനത്തിൽ വാഹന വകുപ്പിന് കിട്ടേണ്ട തുകയും നഷ്ടപ്പെടുന്നു. ട്രാൻസ്പോർട്ട് വകുപ്പ് തലവനായി വന്നിരിക്കുന്ന ഐ.എ.എസ്. ഓഫീസർ അൽഫോൺസ് കണ്ണന്താനം അല്പം ശ്രദ്ധവെച്ചാൽ ഈ നഷ്ടം ഒഴിവാക്കാനുള്ള നടപടി എളുപ്പമാകും.

ജെ.കെ. തിരുവല്ല